# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **07.02.2018–ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 3016**

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2017-2018 ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും 1 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (എ) 2017-2018 ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള അഞ്ച് കോടി, മൂന്നുകോടി, ഒരുകോടി രൂപയുടെ വിവിധ പദ്ധതികളുടെ നിജസ്ഥിതി ചുവടെ ചേർക്കുന്നു.<br>**<u>അഞ്ചുകോടി രൂപയുടെ പദ്ധതി:-</u>**<br>പദ്ധതിയുടെ ഭാഗമായി പരമാവധി അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>**<u>മൂന്നുകോടി രൂപയുടെ പദ്ധതി:-</u>**<br>പദ്ധതിയുടെ ഭാഗമായി പരമാവധി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>**<u>ഒരുകോടി രൂപയുടെ പദ്ധതി:-</u>**<br>പദ്ധതിയുടെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 127.8 കോടി |

...2/1...

രൂപ അനുവദിച്ചതിൽ 75 സ്കൂളുകൾക്ക് (എൽ.പി/യു.പി.) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്

അഞ്ചുകോടി രൂപയുടെയും മൂന്നുകോടി രൂപയുടെയും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 'കൈറ്റ്' മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്;ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | പരമാവധി അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 138 സ്കൂളുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 229 സ്കൂളുകളിൽ 70 സ്കൂളുകൾക്കും നിർമ്മാണ പ്രവർത്തികൾക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (സി) | 5 കോടിയുടെ ഒന്നാമത്തെ സ്കീമിൽ ഉൾപ്പെട്ട എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട് ഗവ.എച്ച്.എസ്.എസ് രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസ് ന്റെ പേര് ഉൾപ്പെടുത്തുന്നതിനായി നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ